# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1358

04.12.2014 -ൽ മറുപടിയ്ക്ക്

## 'വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നതിന് നടപടി'

ചോദ്യം
ശ്രീ. പി. കെ. ബഷീർ

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ വില വിവരപട്ടിക, സ്റ്റോക്ക് വിവരപട്ടിക എന്നിവ കൃത്യമായി പ്രദർശിപ്പിക്കണമെന്ന് നിയമമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയവ പ്രദർശിപ്പിക്കാത്തതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; പ്രദർശിപ്പിച്ചിട്ടുള്ള വില അമിത നിരക്കിലുള്ളതാണോ എന്നു പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2014 ജനവരി മുതൽ നാളിതുവരെ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത 4598 കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്ന വില മാർക്കറ്റ് വിലയുമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. |
| (സി) | കച്ചവടസ്ഥാപനങ്ങൾ കൃത്യമായ വില വിവരപട്ടിക പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | വില വിവരപട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 – ലെ Kerala Food Stuffs (Display of price by Catering Establishment) Order, 1977 – ലെയും 1980-ലെയും Kerala Essential Commodities ( Maintenance of Accounts and Display of Prices and Stocks) Order പ്രകാരവും നടപടി സ്വീകരിക്കുന്നു, വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും സാധനങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ